(എ) സംസ്ഥാനത്ത് സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സംരക്ഷിത സ്മാരകങ്ങളുണ്ട് ;

(സി) മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത സ്മാരകങ്ങൾ എത്ര ; അവ ഏതെല്ലാം ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) സംരക്ഷിത സ്മാരകങ്ങളുടെ തനിമ നിലനിറുത്തിക്കൊണ്ട് കാലാകാലങ്ങളിൽ കെമിക്കൽ കൺസർവേഷൻ, സ്ട്രക്ചറൽ കൺസർവേഷൻ എന്നിവ ചെയ്തു കേടുപാടുകൾ സംഭവിക്കാതെ സംരക്ഷിച്ചു വരുന്നു.

(ബി) 83 (ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു)†

(സി) 28 സംരക്ഷിത സ്മാരകമായ ആലുവ യു.സി. കോളേജിലെ പഴയ കച്ചേരി മാളിക അധ്യായനം നടത്തുവാനും സംരക്ഷിത സ്മാരകങ്ങളിൽ ഉൾപ്പെട്ട 27 ക്ഷേത്രങ്ങളിൽ പൂജ നടത്തുന്നതിനും ഉപയോഗിക്കാറുണ്ട്. (ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.)†

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുവാൻ നടപടി

1 (1190) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിക്കാനാണ് ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണപദ്ധതികൾ പ്രകാരം നടപ്പുവർഷം 3857 വീടുകളുടെ നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വ്യക്തമാക്കാം. വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു†.

---

† അനുബന്ധം II (1, 2)
† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1 (1190) കാണുക]

ഫിഷറീസ് വകുപ്പു മുഖേന നടപ്പുവർഷം നിർമ്മിക്കാനുദ്ദേശിക്കുന്ന വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

1. ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി

ജില്ല	വീടുകളുടെ എണ്ണം
1. തിരുവനന്തപുരം	306
2. കൊല്ലം	211
3. ആലപ്പുഴ	333
4. എറണാകുളം	175
5. തൃശ്ശൂർ	122
6. മലപ്പുറം	161
7. കോഴിക്കോട്	148
8. കണ്ണൂർ	56
9. കാസർഗോഡ്	64
10. കോട്ടയം	40
11. പാലക്കാട്	18
ആകെ	1714

2. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി

ജില്ല	വീടുകളുടെ എണ്ണം
1. തിരുവനന്തപുരം	487
2. കൊല്ലം	262
3. ആലപ്പുഴ	405
4. കോട്ടയം	48
5. എറണാകുളം	225
6. തൃശ്ശൂർ	147
7. മലപ്പുറം	203
8. കോഴിക്കോട്	203
9. കണ്ണൂർ	76
10. കാസർഗോഡ്	85
ആകെ	2143

LIBRARY ARCHIVES Kerala Legislative Assembly